# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2338 — 08/7/2015 -ൽ മറുപടിക്ക്

# നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ.രാജേഷ് | | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ നൂറനാട് പാറ്റൂർ കുടിവെള്ള പദ്ധതി അടിയന്തിരമായി കമ്മീഷൻ ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (എ) | നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | നൂറനാട്, ചുനക്കര സമീപ വില്ലേജുകൾക്കുള്ള ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ സ്രോതസ്സും കിണറും നിലവിലുള്ളത് തന്നെയാണ്. ഘട്ടം-1 ന്റെയും ഘട്ടം-2 ന്റെയും പൊതുഘടകമായ റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ചു കഴിഞ്ഞു. 170 കുതിരശക്തിയുള്ള 2 റോ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്തു കഴിഞ്ഞു. ജലശുദ്ധീകരണ ശാല നിർമ്മാണം, ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ, 4.50 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഭൂതലസംഭരണി, ഭൂതല സംഭരണിയിൽ നിന്നും ചുനക്കരയിലേക്കുള്ള 250 എം.എം. ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ എന്നിവ പൂർത്തീകരിച്ചു. പമ്പ്ഹൗസ് നിർമ്മിക്കുന്നതിനുള്ള ടെണ്ടർ നടപടി പൂർത്തീകരിച്ച് വരുന്നു. കൂടാതെ, ശുദ്ധീകരണശാലയുടെ പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനായി ഒരു സബ്സ്റ്റേഷൻ നിർമ്മിച്ച് ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിനുള്ള ഭരണാനുമതിക്കായി റിവൈസ്ഡ് എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരുന്നു. |

(സി) പാറ്റൂർ കുടിവെള്ള പദ്ധതി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് പൂർണ്ണമായും പ്രവർത്തന സജ്ജമാക്കി എന്ന് കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

(സി) പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനനുസൃതമായി പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുന്നതാണ്. ആറുമാസം കൊണ്ട് പദ്ധതി പൂർത്തിയാക്കാമെന്ന് പ്രതീക്ഷിക്കുന്നു.

സെക്ഷൻ ഓഫീസർ